## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1192.** **06.06.2018 ൽ മറുപടിയ്ക്ക്**

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.പി.ഉണ്ണി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511ഉം സ്കൂൾ തലത്തിൽ 2761 ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായിട്ടുണ്ട്. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചു കൊണ്ട് അവരുടെ ഇടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെ കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ സ്കൂൾ-കോളേജ് തലങ്ങളിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം എന്ന നിലയിൽ സ്കൂൾ കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നല്കി വരുന്നുണ്ട്. മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ കോളേജ് തലങ്ങളിൽ 10,000/- രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5000/ - രൂപ വീതവും ക്യാഷ് അവാർഡ് നല്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത പൂർണ്ണമായി ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരി പദാർത്ഥങ്ങൾ ഒന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾക്കു പുറമെ നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**